# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1912 01.02.2018- ൽ മറുപടിയ്ക്ക്

**പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ**

**ചോദ്യം**

**ശ്രീ.വി. അബ്ദു റഹിമാൻ**

എ) പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

**മറുപടി**

**ശ്രീ. പിണറായി വിജയൻ**
***(മുഖ്യമന്ത്രി)***

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രവാസി ക്ഷേമ ബോർഡിൽ അംഗത്വമെടുക്കുന്നതിന് പൂർണ്ണമായ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി. ക്ഷേമ പെൻഷൻ കാറ്റഗറി വ്യത്യാസമില്ലാതെ 2000/- രൂപയാക്കി വർദ്ധിപ്പിച്ചു. അംഗത്വം റദ്ദായവർക്ക് അംഗങ്ങൾക്ക് പിഴകൂടാതെ കുടിശ്ശിക മാത്രം അടച്ച് അംഗത്വം നിലനിർത്താൻ അവസരം നല്കി. അംഗത്വം വർദ്ധിപ്പിക്കുന്നതിനുള്ള കാമ്പയിൻ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

വിദേശത്ത് തൊഴിൽ സംബന്ധമായ പ്രശ്നങ്ങൾ, ജയിൽ മോചനം എന്നീ വിഷയങ്ങളിൽ പ്രശ്നങ്ങൾ നേരിടുന്നവർക്ക് അടിയന്തിരമായി ആവശ്യമായ നിയമസഹായങ്ങൾ ലഭ്യമാക്കാൻ സർക്കാർ എംബസ്സികളോട് അഭ്യർത്ഥിച്ചു വരുന്നു. സാധ്യമായ എല്ലാ കേസുകളിലും എംബസ്സി ഇതിനാവശ്യമായ ഉപദേശം നല്കി വരുന്നുണ്ട്. കൂടാതെ ഇത്തരം ആവശ്യങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ട് പ്രവാസി ലീഗൽ എയ്ഡ് സെൽ എന്ന പദ്ധതിക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. കാര്യക്ഷമമായി പ്രസ്തുത പദ്ധതിയിൽ നിന്നും സേവനങ്ങൾ നല്കുന്നതിനായി പദ്ധതി നടത്തിപ്പ് രൂപരേഖ പുനരാവിഷ്കരിക്കുന്ന നടപടി അന്തിമ ഘട്ടത്തിലാണ്.

മടങ്ങിവന്ന പ്രവാസികളുടെ പുനരധിവാസത്തിനായി 11.03.2013 ലെ ജി.ഒ (ആർ.ടി) നം 75/2013/നോർക്ക ഉത്തരവ് പ്രകാരം നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നല്കുന്ന പദ്ധതിയാണ് ഇത്. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിന് ശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാല് വർഷം 3% പലിശ സബ്സിഡിയും നല്കി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. നിലവിൽ നോർക്ക റൂട്ട്സും സൗത്ത് ഇന്ത്യൻ ബാങ്ക്, യൂണിയൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നീ ബാങ്കുകളുമായി ഒപ്പു വയ്ക്കപ്പെട്ട ധാരണാ പത്രം പ്രകാരം റിസർവ്വ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവു നല്കിയാണ് മേൽ പറഞ്ഞ പദ്ധതി നടപ്പാക്കിയിരിക്കുന്നത്. മേൽപ്പറഞ്ഞ ദേശസാൽകൃത ബാങ്കുകൾക്ക് പുറമേ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന കോപ്പറേറ്റീവ് സൊസൈറ്റി എന്നിവരുമായി ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ധാരണാ പത്രം ഒപ്പു വച്ചിട്ടുണ്ട്.

| | |
|---|---|
| ബി) ലോക കേരള സഭ രൂപീകരണത്തിലൂടെ പുതുതായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ബി) ലോക കേരള സഭയിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ അന്തിമ തീരുമാനങ്ങൾ സ്വീകരിക്കുന്ന നടപടി പുരോഗമിച്ചു വരുന്നു. ലോക കേരള സഭയുടെ പ്രഥമ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. |

- വിദേശത്തുള്ള പ്രവാസി വ്യവസായ-

വാണിജ്യ സംരംഭകരുമായി സജീവ ബന്ധം പുലർത്തുന്നതിനു വേണ്ടി ഓരോ വിദേശമേഖലയ്ക്കും പ്രത്യേക ചേംബറുകൾ എന്ന നിലയിൽ പ്രവാസി വാണിജ്യ ചേംബറുകൾക്ക് രൂപം നല്കുക.

- ഇവരും കേരളത്തിൽ ഫലപ്രദമായി പ്രവർത്തിക്കുന്ന ചേംബറുകളും തമ്മിൽ സൗഹൃദബന്ധം വളർത്തിയെടുത്ത് ആഗോളതലത്തിലെ മലയാളികളായ വ്യവസായ-വാണിജ്യ സംരംഭക കൂട്ടുകെട്ട് ഉറപ്പാക്കുക.
- എല്ലാ രാജ്യങ്ങളിലും പ്രവാസി പ്രൊഫഷണൽ സമിതികൾ രൂപീകരിക്കുക.
- പ്രൊഫഷണലുകളുടെ സേവനം കേരളത്തിലെ ഗവേഷണ സ്ഥാപനങ്ങൾക്കും വ്യവസായ സ്ഥാപനങ്ങൾക്കും ലഭ്യമാക്കുക. അതുവഴി കേരളത്തിന്റെ ശാസ്ത്ര സാങ്കേതിക വൈജ്ഞാനിക മേഖലയിൽ വികസനം സാധ്യമാക്കുക.
- വിദേശത്ത് ജോലി ചെയ്യുന്നവരും തിരിച്ചു വന്നവരും മറ്റു സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവരുമായ മുഴുവൻ മലയാളികൾക്കും വേണ്ടി പ്രത്യേക വിഭാഗങ്ങൾ നോർക്കയിൽ രൂപീകരിക്കുക. വിദേശത്ത് ജോലി ചെയ്യുന്ന പ്രവാസികൾക്ക് വേണ്ടി പ്രത്യേക മേഖലാ ഉപവകുപ്പുകളും ഉണ്ടാക്കുക. ഇതിന്റെ ചുമതല പ്രൊഫഷണലുകളെ ഏൽപ്പിക്കുക.
- കേരള വികസന നിധി രൂപീകരിക്കുക. നിശ്ചിത തുകയ്ക്കുള്ള ഡിപ്പോസിറ്റ് പ്രഖ്യാപിത പ്രവാസി സംരംഭങ്ങളിൽ ഓഹരിയായി നിക്ഷേപിക്കാൻ തയ്യാറുള്ള പ്രവാസികൾക്ക്, പ്രവാസം മതിയാക്കി മടങ്ങിയെത്തുമ്പോൾ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ഏതെങ്കിലും ഒരു സ്ഥാപനത്തിൽ നേടുന്നതിനുള്ള അവകാശം

ഉണ്ടായിരിക്കും. ഗൾഫിൽ നിന്ന് മടങ്ങി വരുമ്പോൾ നാട്ടിൽ ഒരു തൊഴിൽ ഉറപ്പുവരുത്താനുള്ള നിക്ഷേപം എന്ന നിലയിൽ ഈ സംരംഭം ഈ രംഗത്തെ പുതുമയുള്ള കാൽവെയ്പ്പായിരിക്കും.

- പ്രവാസികൾക്ക് സംരംഭമാരംഭിക്കുന്നതിനായി പ്രത്യേക വായ്പാ സൗകര്യങ്ങൾ ഉറപ്പാക്കുക.
- സംരംഭകരാകാൻ തയ്യാറാകുന്നവരുമായി, പ്രത്യേകിച്ച് പ്രൊഫഷണലുകളുമായി നാട്ടിലേക്കുള്ള മടക്കത്തിനു മുമ്പ് തന്നെ ആശയ വിനിമയം നടത്തുവാൻ ഒരു ഏജൻസി സ്ഥാപിക്കുക.
- നിക്ഷേപകർക്ക് ഏകജാലക സംവിധാനത്തിലൂടെ ആവശ്യമായ അനുവാദം നൽകുക.
- പ്രവാസി സംഘടനകളെ ഏകോപിപ്പിച്ചുകൊണ്ട് രോഗബാധിതർക്കും അപകടം സംഭവിക്കുന്നവർക്കും തൊഴിൽ നഷ്ടമാകുന്നവർക്കുമെല്ലാം സംരക്ഷണം നൽകാൻ ഉതകുന്ന സ്കീം രൂപീകരിക്കുക.

സെക്ഷൻ ഓഫീസർ